സംസ്ഥാനത്തെ ന്യായവില ഷാപ്പുകൾ

* 302. [361] ശ്രീ. പന്തളം സുധാകരൻ :
,, ജി. കാർത്തികേയൻ :
,, പി. പി. തങ്കച്ചൻ :
,, തോപ്പിൽ രവി :
,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ന്യായവില ഷാപ്പുകൾ പ്രവർത്തിച്ചു വരുന്നു ;

(ബി) ന്യായവില ഷാപ്പുകൾ വഴി എന്തെല്ലാം സാധനങ്ങളാണ് വിതരണം ചെയ്തുവരുന്നത് ;

(സി) ആവശ്യസാധനങ്ങൾ എല്ലാം ന്യായവില ഷാപ്പുകൾ വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) 12, 528 എണ്ണം.

(ബി) അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര, പാംഓയിൽ എന്നീ സാധനങ്ങളാണ് ന്യായവില ഷാപ്പുകൾ മുഖാന്തിരം വിതരണം ചെയ്യുന്നത്.

(സി) പ്രായോഗികമല്ലാത്തതിനാൽ നിർവാഹമില്ല.

ജില്ലാ കൃഷി ഫാമുകൾ

* 303. [362] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാനത്ത് എത്ര ജില്ലാ കൃഷി ഫാമുകൾ ഉണ്ട് ;

(ബി) കൃഷി ഫാമുകൾ ഇല്ലാത്ത ജില്ലകൾ ഏതെല്ലാം ;

(സി) പ്രസ്തുത ജില്ലകളിൽ ഉടനടി ജില്ലാ ഫാമുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതു സംബന്ധമായി ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എഫ്) ഇതിനുവേണ്ട സ്ഥലങ്ങൾ നിശ്ചയിച്ചുവോ ;

(ജി) എങ്കിൽ എവിടെയൊക്കെയാണ് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഒൻപത്.

(ബി) പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർകോഡ്.

LIBRARY, ARCHIVES Kerala Legislative Assembly